| 20–05–2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ – ബാബ വന്നിരിക്കുകയാണ് നിങ്ങൾ കുട്ടികൾക്ക് അവിനാശി സമ്പത്ത് നേടിത്തരുന്നതിനായി, ഇപ്പോൾ നിങ്ങൾ ജ്ഞാനരത്നങ്ങൾ സമ്പാദിക്കുവാൻ എത്ര ആഗ്രഹിക്കുന്നുവോ അത് ചെയ്യാൻ സാധിക്കും.**

**ചോദ്യം –** ആസുരീയ സംസ്ക്കാരങ്ങളെ മാറ്റി ദൈവീക സംസ്ക്കാരം ഉണ്ടാക്കുന്നതിന് വേണ്ടി ഏതൊരു വിശേഷ പുരുഷാർത്ഥമാണ് വേണ്ടത്?
**ഉത്തരം –** സംസ്ക്കാരങ്ങളെ പരിവർത്തനപ്പെടുത്തുന്നതിന് എത്ര സാധിക്കുമോ ദേഹീ അഭിമാനിയായിരിക്കുന്നതിനുള്ള അഭ്യാസം ചെയ്യൂ. ദേഹാഭിമാനത്തിൽ വരുന്നതുകൊണ്ട് തന്നെയാണ് ആസൂരീയ സംസ്ക്കാരമുണ്ടാകുന്നത്. ആസൂരീയ സംസ്ക്കാരങ്ങളെ മാറ്റി ദൈവീക സംസ്ക്കാരമുള്ളവരാക്കി മാറ്റുന്നതിന് വേണ്ടിയാണ് ബാബ വന്നിരിക്കുന്നത്, പുരുഷാർത്ഥം ചെയ്യൂ ആദ്യം ഞാൻ ദേഹീ ആത്മാവാണ്, പിന്നീടാണ് ഈ ശരീരം.

**ഗീതം –** നിങ്ങൾ രാത്രി ഉറങ്ങി നഷ്ടപ്പെടുത്തി...........

**ഓം ശാന്തി**. ഈ ഗീതം കുട്ടികൾ അനേകം തവണ കേട്ടതാണ്. ആത്മീയ കുട്ടികൾക്ക് വേണ്ടി ആത്മീയ അച്ഛൻ ജാഗ്രത നൽകികൊണ്ടിരിക്കുകയാണ്, അതായത് ഈ സമയം നഷ്ടപ്പെടുത്തുവാനുള്ളതല്ല. അത്യധികം വരുമാനം ഉണ്ടാക്കേണ്ട സമയമാണിത്. വരുമാനം ഉണ്ടാക്കി തരുന്നതിന് വേണ്ടി തന്നെയാണ് ബാബ വന്നിരിക്കുന്നത്. വരുമാനവും അളവറ്റതാണ്, ആർക്ക് എത്ര സമ്പത്ത് നേടണമോ നേടാൻ സാധിക്കുന്നു. ഇത് അവിനാശീ ജ്ഞാന രത്നങ്ങളാൽ സഞ്ചി നിറയ്ക്കാനുള്ള സമ്പാദ്യമാണ്. ഇത് ഭാവിയിലേയ്ക്ക് വേണ്ടിയുള്ളതാണ്. അത് ഭക്തിയാണ്, ഇത് ജ്ഞാനമാണ്. രാവണരാജ്യം തുടങ്ങുമ്പോഴാണ് ഭക്തിയാരംഭിക്കുന്നതെന്നും മനുഷ്യർക്കറിയില്ല. പിന്നീട് ബാബ വന്ന് രാമരാജ്യത്തിന്റെ സ്ഥാപന ചെയ്യുമ്പോൾ ജ്ഞാനം ആരംഭിക്കുന്നു. ജ്ഞാനം പുതിയ ലോകത്തേയ്ക്ക് വേണ്ടിയുള്ളതാണ്, ഭക്തി പഴയ ലോകത്തേയ്ക്ക് വേണ്ടിയും. ബാബയിപ്പോൾ പറയുകയാണ് ആദ്യം സ്വയത്തെ ദേഹീ(ആത്മാവ്) ആണെന്ന് മനസ്സിലാക്കണം. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് – നമ്മളാദ്യം ആത്മാവാണ്, പിന്നീടാണ് ശരീരം. പക്ഷെ ഡ്രാമാ പ്ലാനനുസരിച്ച് മനുഷ്യരെല്ലാം മോശമായിരിക്കുന്നു അതിനാൽ ആദ്യം നമ്മൾ ദേഹമാണെന്നും പിന്നീടാണ് ദേഹിയെന്നും തല തിരിഞ്ഞ് മനസ്സിലാക്കിയിരിക്കുകയാണ്. ബാബ പറയുകയാണ് ഇത് വിനാശിയാണ്. ഇതിനെ നിങ്ങൾ സ്വീകരിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നു. ആത്മാവിലാണ് സംസ്ക്കാരമുള്ളത്. ദേഹാഭിമാനത്തിൽ വന്നതുകൊണ്ട് സംസ്ക്കാരം ആസുരീയമായി മാറുന്നു. പിന്നീട് ആസുരീയ സംസ്ക്കാരത്തെ ദൈവീക സംസ്ക്കാരമാക്കി മാറ്റുന്നതിന് വേണ്ടി ബാബയ്ക്ക് വരേണ്ടി വരുന്നു. രചയിതാവായ ഒരു ബാബയുടെത് തന്നെയാണ് ഈ മുഴുവൻ രചനയും. ബാബയെ എല്ലാവരും ഫാദർ(അച്ഛൻ) എന്ന് പറയുന്നു. ലൗകിക അച്ഛനെയും ഫാദറെന്ന് പറയുന്നത് പോലെ. അച്ഛനും അമ്മയും ഈ രണ്ടക്ഷരവും വളരെ മാധുര്യമുള്ളതാണ്. രചയിതാവെന്ന് അച്ഛനെ തന്നെയാണ് പറയുക. അച്ഛൻ ആദ്യം അമ്മയെ ദത്തെടുക്കുന്നു പിന്നീട് രചന രചിക്കുന്നു. പരിധിയില്ലാത്ത ബാബയും പറയുകയാണ് ഞാൻ ഇദ്ദേഹത്തിൽ പ്രവേശിക്കുന്നു, ഇദ്ദേഹത്തിന്റെ പേര് പ്രസിദ്ധമാണ്. ഭാഗ്യരഥമെന്നും പറയാറുണ്ട്. മനുഷ്യന്റെ തന്നെയാണ് ചിത്രം കാണിക്കുന്നത്. ഏതെങ്കിലും കാളയുടെയൊന്നുമല്ല. ഭാഗ്യരഥം മനുഷ്യന്റെ ശരീരമാണ്. ബാബ തന്നെയാണ് വന്ന് കുട്ടികൾക്ക് തന്റെ പരിചയം നൽകുന്നത്. നിങ്ങൾ സദാ പറയൂ ഞങ്ങൾ ബാപ്ദാദയുടെയടുത്ത് പോവുകയാണ്. കേവലം ബാബയെന്ന് പറയുമ്പോൾ അത് നിരാകാരനായിപ്പോകും. നിരാകാരനായ ബാബയുടെയടുത്ത് ശരീരമുപേക്ഷിക്കുമ്പോഴാണ് പോകാൻ കഴിയുക, അങ്ങനെയൊന്നും ഒരാൾക്കും പോകാൻ സാധിക്കില്ല. ഈ ജ്ഞാനം ബാബ തന്നെയാണ് നൽകുന്നത്. ബാബയുടെയടുത്ത് മാത്രമാണ് ഈ ജ്ഞാനമുള്ളത്. അവിനാശീ ജ്ഞാന തര്നങ്ങളുടെ ഖജനാവാണ്. ബാബ ജ്ഞാന രത്നങ്ങളുടെ സാഗരമാണ്. ജലത്തിന്റെ കാര്യമല്ല. ജ്ഞാന രത്നങ്ങളുടെ ഭണ്ഡാരയാണ്. അതിൽ ജ്ഞാനമുണ്ട്. ജലത്തെ ജ്ഞാനമെന്ന് പറയില്ല. എങ്ങനെയാണോ മനുഷ്യരിൽ വക്കീലിന്റെയും ഡോക്ടറുടെയും ജ്ഞാനമുള്ളത്, ഇതും ജ്ഞാനമാണ്. ഈ ജ്ഞാനത്തെ തന്നെയാണ് ഋഷി–മുനി മുതലായവർ രചയിതാവിന്റെയോ രചനയുടെയോ ആദി–മധ്യ–അന്ത്യത്തിന്റെ ജ്ഞാനം ഞങ്ങൾക്കറിയുകയില്ലെന്ന് പറഞ്ഞിരുന്നത്. അതാണെങ്കിൽ ഒരു രചയിതാവിന് മാത്രമേ അറിയൂ. വൃക്ഷത്തിന്റെ ബീജരൂപവും ബാബ തന്നെയാണ്. സൃഷ്ടിയുടെ ആദി–മധ്യ–അന്ത്യത്തിന്റെ ജ്ഞാനം ബാബയിലാണ്. ബാബ എപ്പോൾ വന്നോ അപ്പോൾ കേൾപ്പിക്കുന്നു. നിങ്ങൾക്കിപ്പോൾ ഈ ജ്ഞാനം ലഭിച്ചിരിക്കുകയാണ് അതിനാൽ ഈ ജ്ഞാനത്തിലൂടെ നിങ്ങൾ ദേവതയായി മാറുന്നു. ജ്ഞാനം നേടിയ ശേഷം പ്രാപ്തി നേടുന്നു.

പിന്നീടവിടെ ഈ ജ്ഞാനത്തിന്റെ ആവശ്യമുണ്ടായിരിക്കുകയില്ല. ദേവതകളിൽ ഈ ജ്ഞാനമില്ലാത്തതു കൊണ്ട് അവർ അജ്ഞാനിയാണെന്നല്ല. അല്ല, അവർ ഈ ജ്ഞാനത്തിലൂടെ പദവി പ്രാപ്തമാക്കുകയാണ്. ബാബാ, വരൂ എന്ന് ബാബയെ വിളിക്കുകയും ചെയ്യുന്നു, ഞങ്ങൾ എങ്ങനെ പതിതത്തിൽ നിന്നും പാവനമായി മാറും, അതിന് വേണ്ടി വഴി അഥവാ ജ്ഞാനം പറഞ്ഞു തരൂ എന്തുകൊണ്ടെന്നാൽ വഴി അറിയുകയില്ല. നമ്മൾ ആത്മാക്കൾ ശാന്തിധാമത്തിൽ നിന്നും വന്നിരിക്കുകയാണെന്ന് നിങ്ങൾക്കിപ്പോളറിയാം. അവിടെ ആത്മാക്കൾ ശാന്തമായിരിക്കുന്നു. ഇവിടെ പാർട്ടഭിനയിക്കാൻ വന്നിരിക്കുകയാണ്. ഇത് പഴയ ലോകമാണ്, അപ്പോൾ തീർച്ചയായും പുതിയ ലോകമുണ്ടായിരിന്നു. അതെപ്പോഴായിരുന്നു, ആരാണ് രാജ്യം ഭരിച്ചിരുന്നത് – ഇതാർക്കും അറിയില്ല. നിങ്ങളിപ്പോൾ ബാബയിലൂടെ അറിഞ്ഞു. ബാബ തന്നെയാണ് ജ്ഞാനത്തിന്റെ സാഗരൻ, സദ്ഗതി ദാതാവ്. ബാബയെ തന്നെയാണ് വിളിക്കുന്നത് ബാബാ വന്ന് ഞങ്ങളുടെ ദുഖത്തെ ഇല്ലാതാക്കൂ, സുഖ-ശാന്തി നൽകൂ. ആത്മാവിനറിയാം പക്ഷെ തമോപ്രധാനമായിരിക്കുന്നതുകൊണ്ട് വീണ്ടും ബാബ വന്ന് പരിചയം നൽകികൊണ്ടിരിക്കുന്നു. മനുഷ്യർ ആത്മാവിനെയോ, പരമാത്മാവിനെയോ അറിയുന്നില്ല. ആത്മാവിന് പരമാത്മാ-അഭിമാനിയായി മാറാനുള്ള ജ്ഞാനമേയില്ല. മുമ്പ് നിങ്ങൾക്കും അറിയുമായിരുന്നില്ല. ഇപ്പോൾ ജ്ഞാനം ലഭിച്ചതുകൊണ്ട് മനസ്സിലായി രൂപം മനുഷ്യന്റെയും സ്വഭാവം കുരങ്ങന്റെയുമായിരുന്നുവെന്ന്.

ബാബയിപ്പോൾ ജ്ഞാനം നൽകിയതിനാൽ നമ്മളും നോളേജ്ഫുൾ ആയി മാറിയിരിക്കുന്നു. രചയിതാവിന്റെയും രചനയുടെയും ജ്ഞാനം ലഭിച്ചിരിക്കുന്നു. നിങ്ങൾക്കറിയാം ഭഗവാൻ നമ്മേ പഠിപ്പിക്കുകയാണ്, അതിനാൽ വളരെയധികം ലഹരിയുണ്ടായിരിക്കണം. ബാബ ജ്ഞാനത്തിന്റെ സാഗരമാണ്, ബാബയിൽ പരിധിയില്ലാത്ത ജ്ഞാനമുണ്ട്. നിങ്ങൾ ആരുടെയടുത്തേയ്ക്ക് വേണമെങ്കിലും പോകൂ – സൃഷ്ടിയുടെ ആദി-മധ്യ-അന്ത്യത്തിന്റെ മാത്രമല്ല നമ്മൾ ആത്മാവ് എന്തു വസ്തുവാണ്, അതു പോലും അറിയുകയില്ല. ബാബയെ ഓർമ്മിക്കുകയും ചെയ്യുന്നുണ്ട്, ദുഖത്തെ ഇല്ലാതാക്കി സുഖം നൽകുന്നവനെന്ന്, എന്നിട്ട് ഈശ്വരൻ സർവ്വവ്യാപിയാണെന്ന് പറയുകയും ചെയ്യുന്നു. ബാബ പറയുകയാണ് ഡ്രാമയനുസരിച്ച് അവരിലും ഒരു ദോഷവുമില്ല. മായ തികച്ചും തുച്ഛബുദ്ധിയാക്കി മാറ്റിയിരിക്കുന്നു. കീടങ്ങൾ പിന്നെ അഴുക്കിൽ തന്നെയാണ് സുഖം കണ്ടെത്തുന്നത്. ബാബ അഴുക്കിൽ നിന്ന് പുറത്തുകൊണ്ടുവരുന്നതിന് വന്നിരിക്കുകയാണ്. മനുഷ്യർ ചെളിക്കുഴിയിൽ അകപ്പെട്ടിരിക്കുകയാണ്. ജ്ഞാനത്തെ അറിയുന്നേയില്ലായെങ്കിൽ എന്തു ചെയ്യും. ചെളിയിൽ കുടുങ്ങി പോയിരിക്കുകയാണ് പിന്നെ അതിൽ നിന്നും പുറത്തു കൊണ്ടുവരുക എന്നത് വളരെ ബുദ്ധിമുട്ടായി മാറുന്നു. പകുതി മുക്കാൽ ഭാഗത്തോളും പുറത്തുകൊണ്ടു വന്ന് കൈ ഉപേക്ഷിച്ചാൽ പിന്നെ വീണ്ടും വീണുപോകുന്നു. ചില കുട്ടികൾ മറ്റുള്ളവർക്ക് ജ്ഞാനം കൊടുത്ത് കൊടുത്ത് സ്വയം മായയുടെ അടി വാങ്ങുന്നു എന്തുകൊണ്ടെന്നാൽ ബാബയുടെ നിർദ്ദേശത്തിന് വിരുദ്ധമായി കാര്യങ്ങൾ ചെയ്യുന്നു. മറ്റുള്ളവരെ പുറത്തു കടത്താൻ പരിശ്രമിക്കുന്നു സ്വയം വീഴുകയും ചെയ്യുന്നു പിന്നെ അവരെ പുറത്തുകൊണ്ടു വരുന്നതിന് വളരെയധികം പരിശ്രമിക്കേണ്ടി വരുന്നു കാരണം മായയോട് തോറ്റു പോയിരിക്കുകയാണ്. അവരെ അവരുടെ പാപം തന്നെ മുറിവേൽപ്പിക്കുന്നു. മായയുടെ യുദ്ധമല്ലേ. ഇപ്പോൾ നിങ്ങൾ യുദ്ധമൈതാനത്തിലാണ്. അവർ ബാഹുബലം കൊണ്ട് യുദ്ധം ചെയ്യുന്ന ഹിംസക സേനകളാണ്. നിങ്ങൾ അഹിംസകരാണ്. നിങ്ങൾ അഹിംസയിലൂടെ രാജ്യം നേടുന്നു. രണ്ടു പ്രകാരത്തിലുള്ള ഹിംസയുണ്ടല്ലോ. ഒന്നാമത്തേത് കാമം, രണ്ടാമത്തെ ഹിംസയാണ് ആരെയെങ്കിലും അടിക്കുകയോ കൊല്ലുകയോ ചെയ്യുക. നിങ്ങളിപ്പോൾ ഡബിൾ അഹിംസകരായി മാറിയിരിക്കുകയാണ്. ഈ ജ്ഞാനബലത്തിന്റെ യുദ്ധം ആർക്കുമറിയുകയില്ല. അഹിംസയെന്ന് എന്തിനെയാണ് പറയുന്നത് ഇതാർക്കും അറിയുകയില്ല. ഭക്തി മാർഗ്ഗത്തിലെ സാമഗ്രികൾ എത്രയധികമാണ്. പാടുന്നുമുണ്ട് പതിത പാവനാ വരൂ പക്ഷെ ഞാനെങ്ങനെയാണ് വന്ന് പാവനമാക്കി മാറ്റുന്നത് – ഇതാർക്കും അറിയില്ല. ഗീതയിലും മനുഷ്യനെ ഭഗവാനെന്ന് പറഞ്ഞ് തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. ശാസ്ത്രമുണ്ടാക്കിയിരിക്കുന്നത് മനുഷ്യർ തന്നെയാണ്. മനുഷ്യർ തന്നെയാണ് പഠിക്കുന്നത്. ദേവതകൾക്ക് ശാസ്ത്രം പഠിക്കേണ്ടതിന്റെ ആവശ്യമില്ല. അവിടെ ഒരു ശാസ്ത്രവും ഉണ്ടായിരിക്കുകയില്ല. ജ്ഞാനം, ഭക്തി, പിന്നെ വൈരാഗ്യം. ഏതിനോടുള്ള വൈരാഗ്യം? ഭക്തിയോട്, പഴയ ലോകത്തോടുള്ള വൈരാഗ്യം. പഴയ ശരീരത്തോടുള്ള വൈരാഗ്യം. ബാബ പറയുകയാണ് ഈ കണ്ണുകൾ കൊണ്ട് എന്തെല്ലാം കാണുന്നുണ്ടോ അതൊന്നും ഉണ്ടായിരിക്കില്ല. ഈ മുഴുവൻ മോശമായ ലോകത്തോടും വൈരാഗ്യം. ബാക്കി പുതിയ ലോകത്തിന്റെ സാക്ഷാത്ക്കാരം നിങ്ങൾ ദിവ്യ ദൃഷ്ടിയിലൂടെ ചെയ്യുന്നു. നിങ്ങൾ പഠിക്കുന്നത് തന്നെ പുതിയ ലോകത്തേയ്ക്ക് വേണ്ടിയാണ്. ഈ പഠിപ്പൊരിക്കലും ഈ ജന്മത്തേയ്ക്ക് വേണ്ടി മാത്രമല്ല. ബാക്കി എന്തെല്ലാം പഠിപ്പുണ്ടോ, ആ സമയത്ത് ആ ജന്മത്തേക്ക് വേണ്ടിയുള്ളതാണ്. ഇപ്പോഴാണെങ്കിൽ സംഗമമാണ് അതുകൊണ്ട് ഇപ്പോൾ നിങ്ങൾ എന്താണോ പഠിക്കുന്നത് അതിന്റെ പ്രാപ്തി നിങ്ങൾക്ക് പുതിയ ലോകത്തിൽ ലഭിക്കുന്നു. പരിധിയില്ലാത്ത ബാബയിൽ നിന്ന് നിങ്ങൾക്ക് എത്ര വലിയ പ്രാപ്തിയാണ് ലഭിക്കുന്നത്. പരിധിയില്ലാത്ത ബാബയിൽ നിന്ന്

പരിധിയില്ലാത്ത സുഖത്തിന്റെ പ്രാപ്തിയുണ്ടാകുന്നു. അതിനാൽ കുട്ടികൾക്ക് പൂർണ്ണമായ പുരുഷാർത്ഥം ചെയ്ത് ശ്രീമതത്തിലൂടെ നടക്കണം. ബാബ ശ്രേഷ്ഠത്തിലും ശ്രേഷ്ഠമാണ്. ബാബയിലൂടെ നിങ്ങൾ ശ്രേഷ്ഠരായി മാറുന്നു. ബാബയാണെങ്കിൽ സദാ ശ്രേഷ്ഠം തന്നെയാണ്. നിങ്ങളെ ശ്രേഷ്ഠരാക്കി മാറ്റുന്നു. 84 ജന്മങ്ങളെടുത്തെടുത്ത് പിന്നീട് നിങ്ങൾ ഭ്രഷ്ടരായി മാറുകയാണ്. ബാബ പറയുന്നു ഞാനാണെങ്കിൽ ജനന-മരണത്തിൽ വരുന്നില്ല. ആരെയാണോ നിങ്ങൾ കുട്ടികൾ തിരിച്ചറിഞ്ഞത് ആ ഭാഗ്യശാലീ രഥത്തിൽ ഞാനിപ്പോൾ പ്രവേശിക്കുന്നു. ഇപ്പോൾ നിങ്ങളുടെ ചെറിയ വൃക്ഷമാണ്. വൃക്ഷത്തിന് കൊടുങ്കാറ്റും ബാധിക്കുമല്ലോ. ഇലകൾ പൊഴിഞ്ഞു വീഴുന്നു. അനേകം പൂക്കൾ വരുന്നു പിന്നീട് കൊടുങ്കാറ്റ് വരുന്നതുകൊണ്ട് വീണു പോകുന്നു. ചിലർ നല്ല രീതിയിൽ ഫലം ഉണ്ടാക്കുന്നു പിന്നീട് മായയുടെ കൊടുങ്കാറ്റിൽ വീണു പോകുന്നു. മായയുടെ കൊടുങ്കാറ്റ് വളരെ തീക്ഷ്ണമാണ്. അവിടെ ബാഹുബലം, ഇവിടെ യോഗബലം അഥവാ ഓർമ്മയുടെ ബലം. ഓർമ്മ എന്ന അക്ഷരം നിങ്ങൾ ഉറപ്പിക്കൂ. അവർ യോഗം-യോഗം എന്ന വാക്ക് പറഞ്ഞുകൊണ്ടിരിക്കുന്നു. നിങ്ങളുടെത് ഓർമ്മയാണ്. നടക്കുമ്പോഴും കറങ്ങുമ്പോഴും ബാബയെ ഓർമ്മിക്കുക, ഇതിനെ യോഗമെന്ന് പറയില്ല. യോഗമെന്ന അക്ഷരം സന്യാസിമാരിലാണ് പ്രസിദ്ധം. അനേകപ്രകാരത്തിലുള്ള യോഗം പഠിപ്പിക്കുന്നു. ബാബയെത്ര സഹജമായാണ് പറയുന്നത്- എഴുന്നേൽക്കുമ്പോഴും-ഇരിക്കുമ്പോഴും, നടക്കുമ്പോഴും-കറങ്ങുമ്പോഴും ബാബയെ ഓർമ്മിക്കൂ. നിങ്ങൾ പകുതി കല്പത്തിലെ പ്രിയതമകളാണ്. എന്നെ ഓർമ്മിച്ചുകൊണ്ടേ വന്നു. ഞാനിപ്പോൾ വന്നിരിക്കുന്നു. ആത്മാവിനെയാരും അറിയുന്നില്ല അതുകൊണ്ട് ബാബ വന്ന് യഥാർത്ഥ തിരിച്ചറിവ് ചെയ്യിക്കുന്നു. ഇതും മനസ്സിലാക്കേണ്ട വളരെ വലിയ കാര്യമാണ്. ആത്മാവ് അതി സൂക്ഷ്മവും അവിനാശിയുമാണ്. ആത്മാവ് വിനാശമാകുന്നതുമല്ല, ആത്മാവിന്റെ പാർട്ട് വിനാശമാകാനും കഴിയില്ല. ഈ കാര്യങ്ങൾ ഉയർന്ന ബുദ്ധിയുള്ളവർ ബുദ്ധിമുട്ടി മനസ്സിലാക്കുന്നു. ശാസ്ത്രങ്ങളിലും ഈ കാര്യങ്ങളില്ല.

നിങ്ങൾ കുട്ടികൾക്ക് ബാബയെ ഓർമ്മിക്കുന്നതിന് വളരെയധികം പരിശ്രമിക്കേണ്ടി വരുന്നു. ജ്ഞാനം വളരെ സഹജമാണ്. ബാക്കി വിനാശ കാലത്ത് പ്രീത ബുദ്ധിയും വിപരീത ബുദ്ധിയും ഇത് ഓർമ്മിക്കുന്നതിന് വേണ്ടി പറയപ്പെടുന്നതാണ്. ഓർമ്മ നല്ലതാണെങ്കിൽ പ്രീത ബുദ്ധിയെന്ന് പറയപ്പെടുന്നു. പ്രീതിയും അവ്യഭിചാരിയായിരിക്കണം. സ്വയം ചോദിക്കണം - നമ്മൾ ബാബയെ എത്രത്തോളം ഓർമ്മിക്കുന്നുണ്ട്? ഇതും മനസ്സിലായി ബാബയോട് പ്രീതി വെച്ച് വെച്ച് എപ്പോൾ കർമ്മാതീത അവസ്ഥയുണ്ടാകുന്നുവോ അപ്പോൾ ഈ ശരീരം ഉപേക്ഷിക്കും യുദ്ധവും ആരംഭിക്കും. ബാബയോട് എത്രത്തോളം പ്രീതിയുണ്ടാകുന്നുവോ അത്രയും തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറും. പരീക്ഷ ഒരേ സമയത്തു തന്നെയുണ്ടാകുമല്ലോ. എപ്പോൾ പൂർണ്ണമായ സമയം വരുന്നുവോ, എല്ലാവരുടെതും പ്രീതബുദ്ധിയായി മാറുന്നുവോ, ആ സമയം പിന്നെ വിനാശമുണ്ടാകുന്നു. അതു വരെ വഴക്ക് മുതലായവ ഉണ്ടായികൊണ്ടിരിക്കുന്നു. വിദേശത്തുള്ളവരും മനസ്സിലാക്കുന്നു മരണമിപ്പോൾ മുന്നിലാണ്, ഏതോ പ്രേരകനുണ്ട്, അദ്ദേഹം ഞങ്ങളിലൂടെ ബോംബുകളെല്ലാം ഉണ്ടാക്കിക്കുകയാണ്. പക്ഷെ എന്തു ചെയ്യാൻ കഴിയും. ഡ്രാമയിലുള്ളതാണല്ലോ. തന്റെ തന്നെ ശാസ്ത്രത്തിന്റെ ബലത്തിലൂടെ തന്റെ കുലത്തിന്റെ മരണം കൊണ്ടുവരുന്നു. കുട്ടികൾ പറയുന്നു പാവനലോകത്തിലേയ്ക്ക് കൊണ്ടു പോകൂ, അപ്പോൾ ശരീരത്തെ ഒരിക്കലും കൊണ്ടു പോകില്ല. ബാബ കാലന്റെയും കാലനാണല്ലോ. ഈ കാര്യങ്ങൾ ആരും അറിയുന്നില്ല. പാടാറുണ്ട് മാനിന് പ്രാണ വേദന വേട്ടക്കാരന് വിളയാട്ടം. അവർ പറയും വിനാശം ഇല്ലാതാകട്ടെ, ശാന്തിയുണ്ടാകട്ടെ. വിനാശമുണ്ടാകാതെ സുഖ-ശാന്തി എങ്ങനെ സ്ഥാപിതമാകും. അതുകൊണ്ട് ചക്രത്തത്തിന് മേൽ തീർച്ചയായും മനസ്സിലാക്കി കൊടുക്കൂ. ഇപ്പോൾ സ്വർഗ്ഗത്തിന്റെ കവാടം തുറക്കുകയാണ്. ബാബ പറഞ്ഞിരുന്നു ഇതിനെക്കുറിച്ചും ഒരു പുസ്തം അടിച്ചിറക്കൂ - ഗേറ്റ് വേ റ്റു ശാന്തിധാമം-സുഖധാമം(ശാന്തിധാമത്തിലേയ്ക്കും സുഖധാമത്തിലേയ്ക്കുമുള്ള കവാടം). ഇതിന്റെ അർത്ഥവും മനസ്സിലാക്കുന്നില്ല. വളരെ സഹജമാണ്, പക്ഷെ കോടിയിൽ ചിലർ വളരെ ബുദ്ധിമുട്ടി മനസ്സിലാക്കുന്നു. നിങ്ങൾക്ക് പ്രദർശിനി മുതലായവയിലൊന്നും ഒരിക്കലും നിരാശയുണ്ടാവരുത്. പ്രജയെ ഉണ്ടാക്കണമല്ലോ. ലക്ഷ്യം വളരെ വലുതാണ്, പരിശ്രമം ഉണ്ടാവുന്നു. പരിശ്രമം ഓർമ്മയുടെയാണ്. അതിൽ തോൽവി ഒരുപാട് ഉണ്ടാകുന്നു. ഓർമ്മയും അവ്യഭിചാരിയായിരിക്കണം. മായ ഇടയ്ക്കിടയ്ക്ക് മറവിപ്പിക്കുന്നു. പരിശ്രമമില്ലാതെ ഒരിക്കലും വിശ്വത്തിന്റെ അധികാരിയായി മാറാൻ സാധിക്കില്ല. പൂർണ്ണമായ പുരുഷാർത്ഥം ചെയ്യണം- നമ്മൾ സുഖധാമത്തിന്റെ അധികാരികളായിരുന്നു. അനേകം തവണ ചക്രം കറങ്ങി വന്നു. ഇപ്പോൾ ബാബയെ ഓർമ്മിക്കണം. മായ ഒരുപാട് വിഘ്നമിടുന്നു. ബാബയുടെയടുത്ത് സേവനത്തിന്റെ വാർത്തയും വരുന്നുണ്ട്. ഇന്ന് വിദ്വൽ സദസ്സിന് മനസ്സിലാക്കി കൊടുത്തൂ, ഇന്ന് ഇത് ചെയ്തു....... ഡ്രാമയനുസരിച്ച് മാതാക്കളുടെ പേര് പ്രസിദ്ധമാകുക തന്നെ വേണം. നിങ്ങൾ കുട്ടികൾ ഈ ചിന്ത വെയ്ക്കണം, മാതാക്കളെ മുന്നോട്ട് കൊണ്ടു വരണം. ഇതാണ് ചൈതന്യ ദിൽവാഡ ക്ഷേത്രം. നിങ്ങൾ ചൈതന്യമുള്ളവരായി മാറും പിന്നീട് നിങ്ങൾ രാജ്യം ഭരിക്കും. ഭക്തിമാർഗ്ഗത്തിലെ ക്ഷേത്രങ്ങളൊന്നും അവശേഷിക്കില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യമായ സാരം** :-

1) ഒരു ബാബയോട് അവ്യഭിചാരി പ്രീതി വെച്ച് വെച്ച് കർമ്മാതീത അവസ്ഥ പ്രാപ്തമാക്കണം. ഈ പഴയ ദേഹത്തോടും പഴയ ലോകത്തോടും പരിധിയില്ലാത്ത വൈരാഗ്യമുണ്ടാവണം.

2) ഒരു കർത്തവ്യവും ബാബയുടെ നിർദ്ദേശത്തിന് വിരുദ്ധമായി ചെയ്യരുത്. യുദ്ധമൈതാനത്തിൽ ഒരിക്കലും തോൽവിയടയരുത്. ഡബിൾ അഹിംസകരായി മാറണം.

## വരദാനം:- ശുഭഭാവനയിലൂടെ സേവനം ചെയ്യുന്ന ബാബയ്ക്ക് സമാനം അപകാരിയ്ക്കും ഉപകാരിയായി ഭവിക്കട്ടെ.

ബാബാ അപകാരിയ്ക്കും ഉപകാരം ചെയ്യുന്നതുപോലെ നിങ്ങളുടെ മുന്നിൽ വരുന്നത് എങ്ങനെയുള്ള ആത്മാവായാലും തന്റെ ദയാ വൃത്തിയിലൂടെ ശുഭഭാവനയിലൂടെ അവരെ പരിവർത്തനമാക്കൂ ഇതാണ് സത്യമായ സേവനം. സയൻസിൽ ഉള്ളവർ മണലിൽ കൃഷി ചെയ്യുന്നതുപോലെ സൈലെൻസിന്റെ ശക്തിയിലൂടെ ദയാഹൃദയരായി അപകാരിയ്ക്കും ഉപകാരം ചെയ്ത്ഭൂമിയെ പരിവർത്തനമാക്കൂ. എങ്ങനെയുള്ള ആത്മാവായാലും സ്വപരിവർത്തനത്തിലൂടെ ശുഭ ഭാവനയിലൂടെ പരിവർത്തനപ്പെടും, കാരണം ശുഭഭാവന തീർച്ചയായും സഫലത പ്രാപ്തമാക്കിത്തരും.

## സ്ലോഗൻ: ജ്ഞാനത്തിന്റെ സ്മരണ ചെയ്യുന്നതാണ് സദാ ഹർഷിതമായിരിക്കുന്നതിന് ആധാരം.

**അവ്യക്ത സൂചന:- ആത്മീയ റോയൽറ്റിയും പവിത്രതയുടെ വ്യക്തിത്വവും ധാരണ ചെയ്യൂ.**
മുഴുവൻ കല്പത്തിൽ വേറെ ആർക്കും ബ്രഹ്മണരായ നിങ്ങളുടേത് പോലെയുള്ള വ്യക്തിത്വം ഇല്ല, കാരണം ഏറ്റവും ഉയർന്ന പരമാത്മാവ് സ്വയം ഉണ്ടാക്കിയതാണ് നിങ്ങളുടെ വ്യക്തിത്വം.ഏറ്റവും ഉയർന്ന വ്യക്തിത്വമാണ് നിങ്ങളുടേത് സ്വപ്നത്തിലും സങ്കല്പത്തിലും പോലും സമ്പൂർണ്ണ പവിത്രത. പവിത്രതയോടൊപ്പം മുഖത്തും ചലനത്തിലും ആത്മീയതയുടെ വ്യക്തിത്വം ഉണ്ട് തന്റെ ഈ വ്യക്തിത്വത്തിൽ സദാ സ്ഥിതി ചെയ്യുമ്പോൾ സേവനം സ്വതവേ നടക്കും.